**NATIONAL HEALTH MISSION**
Arogyakeralam , B3 Block,Civil Station ,Malappuram,Kerala,
Phone- 04832730313,Email.id-nrhmmlpm1@gmail.com

DPMSU-MLPM /4494/2025/DPMSU 08/10/2025

## ടെൻഡർ നോട്ടീസ്

ആരോഗ്യകേരളം മലപ്പുറം ത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ടാക്സി വാഹനങ്ങൾ (ഡ്രൈവർ ഉൾപ്പെടെ) ഒരു വർഷത്തേക്ക് വാടകയ്ക്ക് എടുക്കുന്നതിനായി അംഗീകൃത വാഹന ഏജൻസികളിൽ നിന്നും/കോൺട്രാക്ടർമാരിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു.

### ടെൻഡർ വ്യവസ്ഥകൾ

**1. വാഹനത്തിന്റെ രജിസ്ട്രേഷനും നിലയും**

- രജിസ്ട്രേഷൻ കാലാവധി: ഇപ്പോഴത്തെ തീയതിയിൽ നിന്ന് അഞ്ച് വർഷത്തിനകം രജിസ്റ്റർ ചെയ്ത വാഹനങ്ങൾ മാത്രം ടെൻഡറിനായി പരിഗണിക്കുന്നതാണ്.
- വാഹനത്തിന്റെ നില: വാഹനം നല്ല നിലയിൽ ഉള്ളതും യാത്രാസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതും ആയിരിക്കണം.
- ഡ്രൈവർ: വാഹനം ഡ്രൈവർ ഉൾപ്പെടെ നൽകേണ്ടതാണ്.

**2. നിയമപരമായ രേഖകൾ (ഡോക്യുമെൻ്റുകൾ)**

വാഹനം സമർപ്പിക്കുമ്പോൾ താഴെ പറയുന്ന എല്ലാ നിയമപരമായ രേഖകളും ശരിയായി നിലവിലുള്ളതും സാധുതയുള്ളതും ആയിരിക്കണം:

- വാഹനത്തിൻ്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (RC)
- ഇൻഷുറൻസ് പോളിസി
- ടാക്സി പെർമിറ്റ്
- ഡ്രൈവറുടെ ലൈസൻസ്
- പൊലൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ്

**3. കരാർ കാലാവധി**

- പ്രാരംഭ കാലാവധി: വാഹനം ഒരു വർഷത്തേക്കാണ് (12 മാസം) നൽകേണ്ടത്.

- നീട്ടി നൽകാനുള്ള സാധ്യത: വാഹനത്തിൻ്റെ ആവശ്യകതയും ഏജൻസിയുടെ/കോൺട്രാക്ടറുടെ പ്രകടനവും വിലയിരുത്തിയ ശേഷം, ഈ കാലാവധി ഒരു വർഷം കൂടി (12 മാസം) നീട്ടി നൽകാവുന്നതാണ്.

**4. അറ്റകുറ്റപ്പണികളും ഉത്തരവാദിത്തവും**

- വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ (Maintenance & Repairs), ഇൻഷുറൻസ്, നികുതി, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയെല്ലാം കോൺട്രാക്ടർ / ഏജൻസിയുടെ പൂർണ്ണ ഉത്തരവാദിത്വം ആയിരിക്കും.

**5. തുക സംബന്ധിച്ച വ്യവസ്ഥകൾ**

- പ്രതിമാസ തുക ഇന്ധന ചെലവുകൾ ഉൾപ്പെടെ ആയിരിക്കും.
- അധിക കിലോമീറ്ററിനുള്ള തുക: നിശ്ചിത കിലോമീറ്ററിന് മുകളിൽ വാഹനം ഓടിക്കേണ്ടി വന്നാൽ, അധിക കിലോമീറ്ററിന് ഉള്ള തുക ഗവണ്മെന്റ് നിരക്കിൽ അനുവദിക്കുന്നതാണ്.
- നിരക്ക് പരിഷ്കരണം: അധിക കിലോമീറ്ററിനുള്ള നിരക്ക് 6 മാസം കൂടുമ്പോൾ സർക്കാർ ഉത്തരവുകൾക്കനുസരിച്ച് പുനഃപരിശോധിച്ച് അനുവദിക്കുന്നതാണ്.

6. **വാഹനത്തിന്റെ സ്പെസിഫിക്കേഷൻ ,ടെൻഡർ ഫീസ് , EMD എന്നിവ സംബന്ധിച്ച വിവരങ്ങൾ**

| SL No/ Category | Vehicle Type | Vehicle description | EMD for each vehicle | No of Vehicles | Tender Fee | First Registration | Kilometer/ Month |
|---|---|---|---|---|---|---|---|
| 1 | 7 Seater | above 1400, Mahindra Scorpio, Maruti Ertiga, Mahindra Xylo, Maruti XL6, Honda BRV, Mahindra Marazzo or equivalent | 5200 | 3 | 1230 | 2020 | 1500 |
| 2 | 5 Seater | above 1100 cc, Honda Amaze, Tata Tigor, Tata Altroz, Maruti Suzuki Swift Dzire, Maruti Baleno/Fronx or equivalent | 5400 | 4 | 990 | 2020 | 1500 |
| 3 | 4x4 Vehicle | above 1400 cc, Maruti Jimny 4x4,Mahindra Thar, Force Gurkha, Toyota Hilux or equivalent | 4200 | 1 | 1270 | 2020 | 1500 |

- EMD തുക Quote ചെയ്യുന്ന ഓരോ വാഹനത്തിനും അടക്കേണ്ടതാണ് . ഇത് ടെൻഡർ ലഭിക്കാത്ത പക്ഷം തിരികെ നൽകുന്നതാണ് . ടെൻഡർ ഫീസ് തിരികെ നൽകുന്നതല്ല

താൽപ്പര്യമുള്ള ഏജൻസികൾ/കോൺട്രാക്ടർമാർ അവരുടെ ടെൻഡറുകൾ www.etenders.kerala.gov.in വഴി 08.10.2025 മുതൽ 17.10.2025 (അവസാന തീയതി) 11AM നു ഉള്ളിൽ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും വ്യക്തതയ്ക്കും ആരോഗ്യകേരളം മലപ്പുറം ജില്ലാ ഓഫീസിൽ ബന്ധപ്പെടുക (0483 2730313).

ARogyakeralam * National Health Mission * DPM Office, Malappuram-676 505

Dr . അനൂപ് . TN

ജില്ലാ പ്രോഗ്രാം മാനേജർ

NHM (ആരോഗ്യകേരളം), മലപ്പുറം